**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3669** **26-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതുമാണ്. |
| (സി) | ബോക്സിങ് പ്രോത്സാഹനവുമായി ബന്ധപ്പെട്ട പഞ്ച് പദ്ധതിയിൽ ചാത്തന്നൂരിനെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോക്സിംഗ് പരിശീലന പദ്ധതിയായ പഞ്ച് ആദ്യഘട്ടത്തിൽ അഞ്ച് സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുക. പ്രസ്തുത പദ്ധതിയ്ക്കായി നിലവിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ